## തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല.

BWS11 X

## സ്റ്റാൻഡേർഡ് 10
## ജീവശാസ്ത്രം  ഉത്തരസൂചിക

---

**1.**

| രോഗം | രോഗം ബാധിക്കുന്ന ശരീര ഭാഗം | ലക്ഷണം | രോഗം പകരുന്ന വിധം |
|---|---|---|---|
| വട്ടച്ചൊറി | ത്വക്ക് | വട്ടത്തിലുള്ള ചുവന്ന തിണർപ്പുകൾ | സ്പർശനം സമ്പർക്കം |
| അത് ലറ്റ്സ് ഫൂട്ട് | കാൽവിരലുകൾക്കിടയിലും പാദങ്ങളിലും | ചൊറിച്ചിൽ ഉണ്ടാക്കുന്ന ചുവന്ന ശല്ക്കങ്ങൾ | മലിനജലവും മണ്ണുമായുമുള്ള സമ്പർക്കം വഴി കാൽ വിരലുകൾക്കിടയിലൂടെ രോഗാണു പ്രവേശിക്കുന്നു |

**2.** മലമ്പനി

A. പ്ലാസ്മോഡിയം

B. അനോഫിലിസ് പെൺ കൊതുക്

C. മനുഷ്യൻ

മന്ത്

D. ഫൈലേറിയൽ വിരകൾ

E. ക്യൂലക്സ് കൊതുക്

ii വിറയലോടു കൂടിയ പനി, അമിത വിയർപ്പ്, തലവേദന, ഛർദ്ദി വയറിളക്കം, വിളർച്ച എന്നിവയാണ് മലമ്പനിയുടെ രോഗ ലക്ഷണങ്ങൾ

ലിംഫ് വാഹികളിൽ ഫൈലേറിയൽ വിരകൾ തങ്ങി

ലിംഫിന്റെ പ്രവാഹം തടസ്സപ്പെട്ട് ലിംഫ് വാഹികൾ വീങ്ങുന്നു. ഇതാണ് മന്ത് രോഗ ലക്ഷണം

**3.** അരിവാൾ രോഗം (സിക്കിൾസെൽ അനീമിയ )

ജീനുകളിലെ വൈകല്യം രക്തത്തിലെ ഹീമോഗ്ലോബിന്റെ നിർമാണഘടകമായ അമിനോ ആസിഡുകളുടെ ക്രമീകരണത്തിലും വൈകല്യം വരുത്തുന്നു. അരുണരക്താണുവിലെ ഹീമോഗ്ലോബിന്റെ ഘടനയിൽ വ്യത്യാസം വരുകയും അരുണരക്താണുക്കൾ അരിവാൾ പോലെ വളയുകയും ചെയ്യുന്നു.

ii അരുണരക്താണുക്കളിലെ ഓക്സിജൻ വാഹക ശേഷി കുറയുന്നു.
അരിവാൾ രൂപത്തിലായ രക്തകോശങ്ങൾ രക്തക്കുഴലുകളിൽ തങ്ങി നിന്ന് രക്തപ്രവാഹം തടസ്സപ്പെടുന്നു

**4.** എയ്ഡ്സ്, മറ്റുള്ളവ കൊതുക് പരത്തുന്ന രോഗങ്ങൾ ആണ്.

ii ഈ പ്രദേശത്തു കൊതുകിനു മുട്ടയിട്ടു പെരുകുന്നതിനുള്ള സാഹചര്യം കൂടുതലുള്ളതിനാൽ ജലം കെട്ടികിടക്കുന്നത് ഒഴിവാക്കുകയും പരിസരം മാലിന്യമുക്തമാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

5.i.രക്തം കട്ട പിടിക്കുന്നതിനു സഹായകമായ പ്ലാസ്മയിലെ ചില പ്രോട്ടീനുകളുടെ ഉത്പാദനത്തെ നിയന്ത്രിക്കുന്ന ജീനുകൾ തകരാറിലാകുന്നതിനാലാണ് ചെറിയ മുറിവിൽ നിന്ന് പോലും അനിയന്ത്രിതമായി രക്തം ഒഴുകുന്നത്.

ii കോശ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ജീനുകൾക്കുണ്ടാകുന്ന തകരാറുകളാണ് ജനിതക രോഗങ്ങൾക്ക് കാരണം

iii ജനിതക രോഗങ്ങൾക്ക് പരിപൂർണ ചികിത്സ നിലവിലില്ല. ഉല്പാദനം തകരാറിലായ പ്രോട്ടീൻ ഏതാണെന്നു കണ്ടെത്തി അതു കുത്തിവച്ചാണ് ഹീമോഫീലിയ രോഗത്തിന് താൽക്കാലിക ശമനം ഉണ്ടാക്കുന്നത്.